പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1069**

**06-06-2018 ലെ മറുപടി**

## ജലവിഭവ വകുപ്പിലെ കേന്ദ്രാവിഷ്കൃതപദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.സി.ജോർജ്** | | **മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി)** |
| (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിൽ എത്ര കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ; | (എ) | **ജലവിഭവ വകുപ്പിന്റെ കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ**<br>**I. പ്രധാനമന്ത്രി കൃഷി സിംചായി യോജന (പി.എം.കെ.എസ്.വൈ). പദ്ധതി**<br>1. മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി (എം.വി.ഐ.പി)<br>2.കാരാപ്പുഴ ജലസേചന പദ്ധതി<br>**II. നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റ്**<br>1. സർഫസ് വാട്ടർ പ്രവൃത്തികൾ (ജലസേചന വകുപ്പ്)<br>2. ഗ്രൗണ്ട് വാട്ടർ പ്രവൃത്തികൾ ( ഭൂജല വകുപ്പ്)<br>**III. കുട്ടനാട് പാക്കേജ്**<br>1. കെ.ഇ.എൽ 1 - നെടുമുടി 14 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ<br>2. കെ.ഇ.എൽ 2 - കായൽ ഭാഗത്തെ 4 പാട ശേഖരങ്ങളുടെയും ഗ്രൂപ്പ് 9 ൽപ്പെട്ട 5 പാട ശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ<br>3. കെ.ഇ.എൽ.3 - കുട്ടനാടൻ പ്രദേശത്തെ 239 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ . |

| | | | |
|---|---|---|---|
| | | | 4. കെ.ഇ.എൽ.4- ഓണാട്ടുകര പ്രദേശത്തെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ .<br>**IV. ദേശീയ ഗ്രാമീണ കടിവെള്ള പദ്ധതി**<br>സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ആവശ്യമായ അളവിൽ ലഭ്യമാക്കുകയാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.<br>**V. പമ്പാ ആക്ഷൻ പ്ലാൻ ഫേസ്-1**<br>പമ്പാ നദിയുടെ സംരക്ഷണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായുള്ള പദ്ധതിയാണിത്. |
| (ബി) | സംസ്ഥാനത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പ്രസ്തുത പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്ന് എത്ര തുക ധനസഹായം ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ പി.എം.കെ.എസ്.വൈ. പദ്ധതിയിലെ കാരാപ്പുഴ, മൂവാറ്റുപുഴവാലി ഇറിഗേഷൻ (എം.വി.ഐ.പി) പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്ന് ധനസഹായമായി തുക ഒന്നും തന്നെ ലഭിച്ചിട്ടില്ല.<br>നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ സർഫസ് വാട്ടർ പ്രവൃത്തികൾക്കായി 2016-17 ൽ 92 ലക്ഷം രൂപയും 2017-18 ൽ 2.09 കോടി രൂപയും ധനസഹായമായി ലഭിച്ചിട്ടുണ്ട്.<br>ഗ്രൗണ്ട് വാട്ടർ പ്രവൃത്തികളുടെ നടത്തിപ്പിലേക്കായി 2016-17 കാലഘട്ടത്തിൽ 1 . 2 കോടി രൂപയും 2017-18 കാലഘട്ടത്തിൽ 1 .06 കോടി രൂപയും ലഭ്യമായിട്ടുണ്ട്. (ആകെ 2 .26 കോടി രൂപ)<br>കഴിഞ്ഞ 2 വർഷത്തിനുള്ളിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളായ കെഇ.എൽ-1, കെ.ഇ.എൽ 3 എന്നീ പദ്ധതികൾക്ക് കേന്ദ്രവിഹിതമായി 19.05 കോടി രൂപ ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേരള ജല അതോറിറ്റിയുടെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 വർഷം 75.22 കോടി രൂപയും, 2017-18 വർഷത്തിൽ 95.16 കോടി രൂപയുമാണ് ലഭിച്ചത്.<br><br>പമ്പാ ആക്ഷൻ പ്ലാൻ ഫേസ്-1 പദ്ധതിക്ക് 18.45 കോടി രൂപയ്ക്കാണ് അംഗീകാരം ലഭിച്ചത്. 70:30 അനുപാതത്തിൽ ചെലവ് പങ്കിടുന്ന വ്യവസ്ഥയിൽ ആണ് തുക അനുവദിച്ചത് (12.92 കോടി രൂപ കേന്ദ്ര വിഹിതവും 5.33 കോടി രൂപ സംസ്ഥാന വിഹിതവും) കേന്ദ്ര വിഹിതത്തിന്റെ 2.75 കോടി രൂപ അനുവദിച്ചു കിട്ടിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി അനുവദിച്ച 5 കോടി രൂപ ഡിപ്പാർട്ട്മെന്റ് ഹെഡിലേയ്ക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ